## 2 വിദ്യാർത്ഥി അപേക്ഷ രജിസ്റ്റർ ചെയ്ത ശേഷം, താഴെ സൂചിപ്പിട്ടുള്ള രേഖകൾ സ്കൂളിൽ സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണം.

1. ഇ-ഗ്രാന്റ്സ് പോർട്ടലിൽ ഓൺലൈൻ അപേക്ഷ വേണ്ട വിധത്തിൽ രജിസ്റ്റർ ചെയ്ത് കഴിയുമ്പോൾ വിദ്യാർത്ഥിയ്ക്ക് ലഭിക്കുന്ന **രജിസ്ട്രേഷൻ പ്രിന്റൗട്ട്.** ഇതിൽ അപേക്ഷകനും രക്ഷാകർത്താവും നിശ്ചിത സ്ഥാനത്ത് പേരെഴുതി ഒപ്പിടുകയും, സ്ഥലവും തീയതിയും രേഖപ്പെടുത്തിയിരിക്കുകയും വേണം.

2. **ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്** (പകർപ്പായാലും മതി)

3. **എസ്.എസ്.എൽ.സി / തത്തുല്യ യോഗ്യതാ പരീക്ഷയുടെ മാർക്ക്ലിസ്റ്റിന്റെ പകർപ്പ്.**

4. വിദ്യാർത്ഥിയുടെ പേരിൽ മാത്രമുള്ള **ബാങ്ക് പാസ്സ്ബുക്കിന്റെ ഒന്നാം പേജിന്റെ പകർപ്പ്.** ഇതിൽ **അക്കൗണ്ട് നമ്പർ, ബാങ്കിന്റെ പേര്, ബ്രാഞ്ച്, IFS Code എന്നിവ വായിച്ചെടുക്കാവുന്ന വിധത്തിൽ വ്യക്തമായിരിക്കണം.** വ്യക്തമല്ലെങ്കിൽ, അപേക്ഷകൻ തന്നെ പാസ്സ്ബുക്കിന്റെ പകർപ്പിൽ പേന ഉപയോഗിച്ച് വ്യക്തമായി എഴുതി നൽകാൻ ആവശ്യപ്പെടണം. IFS Code ഉള്ള ഏതു ബാങ്കിന്റെയും അക്കൗണ്ട് നമ്പർ ചേർക്കാം.

5. **ആധാർ കാർഡിന്റെ പകർപ്പ്.**

6. **വരുമാന സർട്ടിഫിക്കറ്റ്** (പകർപ്പായാലും മതി)- അച്ഛന്റെയോ അമ്മയുടേയോ പേരിലുള്ളത്

7. **അലോട്ട്മെന്റ് മെമ്മോ (അലോട്ട്മെന്റ് സ്ലിപ്പ് )** - പ്ലസ് വൺ കോഴ്സിലേക്ക് ഏകജാലക സംവിധാനത്തിൽ കൂടി അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥി അഡ്മിഷൻ പോർട്ടലിൽ നിന്ന് ലഭിക്കുന്ന അലോട്ട്മെന്റ് സ്ലിപ്പ് *(അലോട്ട്മെന്റ് ലഭിച്ച സ്കൂൾ, കോമ്പിനേഷൻ, ചേരേണ്ട തീയതി എന്നിവ ഉൾക്കൊള്ളുന്നത്)* ഹാജരാക്കിയാണ് സ്കൂളിൽ പ്രവേശനം നേടുന്നത്. പ്രസ്തുത സ്ലിപ്പ്, സ്കോളർഷിപ്പിനായി ഇ-ഗ്രാന്റ്സ് പോർട്ടലിൽ അപേക്ഷ രജിസ്റ്റർ ചെയ്യുമ്പോൾ സ്കാൻ ചെയ്ത് നൽകേണ്ടതും, സ്ലിപ്പിന്റെ പകർപ്പ് അപേക്ഷയുടെ ഹാർഡ് കോപ്പിയോടൊപ്പം സ്കൂളിൽ സമർപ്പിക്കേണ്ടതുമാണ്.

8. **ഹോസ്റ്റൽ ഇൻമേറ്റ് സർട്ടിഫിക്കറ്റ്** : ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നവർക്ക് മാത്രം ബാധകം.